# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 07/25 (229th ) Meeting of the Syndicate held on 30.07.2025 at 11.00 a.m at University Head Quarters, Kalady

**Members Present:**

1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി - ഒപ്പ്
   വൈസ് ചാൻസലർ, അദ്ധ്യക്ഷ
2. ഡോ. വി. ലിസ്സി മാത്യു, സിൻഡിക്കേറ്റംഗം - ഒപ്പ്
3. ഡോ. മിനി ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
4. പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ബി. അശോക്, സിൻഡിക്കേറ്റംഗം - ഒപ്പ്
7. അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ശ്രീ. ആർ അജയൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. കെ ഉണ്ണികൃഷ്ണൻ നമ്പൂതിരി, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. വിനീത് ആർ എസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. എസ് ശ്രീകല ദേവി, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ഡോ. സിന്ധു അന്തർജനം, സിൻഡിക്കേറ്റംഗം - ഒപ്പ്

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

## MAIN AGENDA

**Item No 1**

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദൻ, മുൻ മന്ത്രി ശ്രീ. സി. വി. പത്മരാജൻ, സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നതും, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ജോയിന്റ് രജിസ്ട്രാറായി വിരമിച്ച ശ്രീ ബാബുരാജ് എ. വാര്യർ, സർവകലാശാലയിൽ നിന്നും പ്ലംബർ ആയി വിരമിച്ച ശ്രീ. സോമസുന്ദരൻ എം.എസ് തുടങ്ങിയവരുടെ നിര്യാണത്തിലും, മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

07.07.2025 തീയതിയിലെ 228-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാല സിൻഡിക്കേറ്റിലേക്ക് ബഹു. ചാൻസലറുടെ പ്രതിനിധികളായി സാൻസ്ക്രിറ്റ് വിഭാഗത്തിൽ നിന്നും ഡോ. കെ. ഉണ്ണികൃഷ്ണൻ (റിട്ടയേർഡ് പ്രിൻസിപ്പൽ, ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം,) ഇൻഡോളജി വിഭാഗത്തിൽ നിന്നും ഡോ. വിനീത് ആർ.എസ്. (അസിസ്റ്റന്റ് പ്രൊഫസർ, ഹിസ്റ്ററി വിഭാഗം, എൻ.എസ്.എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി), ഇന്ത്യൻ ഫിലോസഫി വിഭാഗത്തിൽ നിന്നും ഡോ. എസ്. ശ്രീകല ദേവി (റിട്ടയേർഡ് അസ്സോസിയേറ്റ് പ്രൊഫസർ, ഫിലോസഫി വിഭാഗം മേധാവി, എൻ.എസ്.എസ്. കോളേജ് ഫോർ വിമൺ, തിരുവനന്തപുരം), ഇന്ത്യൻ ലാംഗ്വേജസ് വിഭാഗത്തിൽ നിന്നും ഡോ. സിന്ധു അന്തർജനം (അസ്സോസിയേറ്റ് പ്രൊഫസർ, മലയാളം വകുപ്പ്, സനാതന ധർമ്മ കോളേജ്, ആലപ്പുഴ) എന്നിവരെ ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു. എല്ലാവരെയും സിൻഡിക്കേറ്റിലേക്ക് സ്വാഗതം ചെയ്യുന്നു.
2. സർവകലാശാല സേവനത്തിൽ നിന്നും 2025 ജൂലൈ 31 ന് വിരമിക്കുന്ന പാർട്ട് ടൈം സ്വീപ്പർ ശ്രീ. ബഷീർ എം.എ യ്ക്ക് 29.07.2025 ന് സർവകലാശാല സമുചിതമായ യാത്രയയപ്പ് നൽകി.
3. 2025 അധ്യയന വർഷം അഡ്മിഷൻ നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം 2025 ജൂലൈ 16,17,18 തീയതികളിലായി കാലടി മുഖ്യ കേന്ദ്രത്തിൽ സംഘടിപ്പിച്ചു. പ്രോഗ്രാമിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവ്വഹിച്ചു.
4. ഇന്റർ നാഷണൽ സ്കൂൾ ഫോർ ശ്രീ ശങ്കരാചാര്യ സ്റ്റഡീസ് ന്റെ ആഭിമുഖ്യത്തിൽ 2025 ജൂലൈ 18 -ാം തീയതി ഇന്റർനാഷണൽ ലക്ച്ചർ സീരീസ് ഓൺലൈനായി സംഘടിപ്പിച്ചു. ഡോ. സോനം കച്ച്റു (Assistant Professor, Yale University, USA ) “And Where is the Place of Understanding ? Lessons for Cosmopolitan Philosophers” എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.
5. സർവകലാശാലയിലെ എൻ.സി.സി യുടെ നേതൃത്വത്തിൽ 2025 ജൂലൈ 29 ന് ഭരണ വിഭാഗം കെട്ടിടത്തിൽ വച്ച് കാർഗിൽ വിജയ ദിനം ആചരിച്ചു. രാജ്യത്തിന് വേണ്ടി ജീവൻ അർപ്പിച്ച വീരസൈനികർക്കായി അനശ്വരാഞ്ജലി പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ് അർപ്പിച്ചു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No:2**

2024-2025 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച് (No. 01889 / ACCTS2 / SSUS / 2025 (1)

30.07.2025 തീയതിയിലെ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് 2024-2025 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

# ADDITIONAL AGENDA

**Item No. 1**

2025-26 സാമ്പത്തിക വർഷം - സർവകലാശാലയ്ക്കുള്ള നോൺ പ്ലാൻ ഗ്രാന്റ് ലഭ്യതക്കുറവ്-സംബന്ധിച്ച് (No. 01419/ACCTS1/SSUS/2025 (1))

ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 2**

സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി-സർക്കാരിൽ നിന്നും അധിക ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് (No. 02753/SOACCTS/SSUS/2024 (1))

ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 3**

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ മുകളിൽ ട്രസ് മേൽക്കൂര നിർമ്മിക്കുന്ന പ്രവർത്തിക്കു ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. No. 02940/ ENGG1/ SSUS/2024)

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ മുകളിൽ ട്രസ് മേൽക്കൂര നിർമ്മിക്കുന്ന പ്രവർത്തിക്കു ഭരണാനുമതി നൽകാനും ഇ-ടെൻഡറുകൾ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കാനും തീരുമാനിച്ചു.

**Item No. 4**

Implimentation of the Erasmus Mundus Joint Masters (EMJM) Programme-Approval of Actions Taken, DPR, Budget, and Related Academic Initiatives – placed before the Syndicate for Ratification -reg (No. 02825/OIA2/SSUS/2025)

Decided to ratify the action taken by the Vice Chancellor in approving the decision of the joint meeting of the Academic & Research Standing Committee and the exicutive committee of OIA with the modification in clause 4 as follows- 'To launch the MA programme in Critical Heritage Studies under the University, with in the Faculty of Arts and Social Sciences'.

**Item No. 5**

സർവകലാശാലാ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ഓൺലൈനായി വിൽക്കുന്നതിനുള്ള പോളിസി രൂപീകരണം സംബന്ധിച്ച്. (No. 03104 / PUB1 / SSUS / 2023 (1))

സർവകലാശാലാ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ഓൺലൈനായി വിൽക്കുന്നതിനുള്ള പോളിസി രൂപീകരണം സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. സർവകലാശാല പ്രസിദ്ധീകരണങ്ങൾ ഐ ടി വിഭാഗം വികസിപ്പിച്ച പോർട്ടൽ മുഖേന ഓൺലൈനായി വിൽക്കുന്നത് അംഗീകരിച്ചു.
2. ഓൺലൈൻ സെയിൽസിനുള്ള റിട്ടേൺ/എക്സ്ചേഞ്ച് & റീഫണ്ട് പോളിസി ' SSUS Policy on Return/Exchange of Books and Refund of Money Applicable to the online sale of University Publications' അംഗീകരിച്ചു.
3. നേരിട്ടും ഓൺലൈൻ മുഖാന്തിരവുമുള്ള വിൽപനയ്ക്ക് 2022 മുമ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾക്ക് 40% ഡിസ്കൗണ്ടും, 2022 മുതൽ പ്രസിദ്ധീകരിച്ചവയ്ക്ക് 20% ഡിസ്കൗണ്ടും നൽകാൻ തീരുമാനിച്ചു.
4. ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് മുഖേന രജിസ്റ്റേഡ് പാർസൽ ആയി പുസ്തകങ്ങൾ അയച്ചു നൽകുന്നതിനും ഇതിനു വരുന്ന ചെലവ് പുസ്തകത്തിന്റെ വിലയോട് ചേർത്ത് വാങ്ങുന്നതിനും തീരുമാനിച്ചു.
5. കേരളീയ സംസ്കൃത സാഹിത്യ ചരിത്രം പ്രിന്റ് ഓൺ ഡിമാന്റിൽ 50 കോപ്പി അടിക്കാനും, വലിയ ഡിമാന്റ് ഉള്ള ഈ പുസ്തകത്തിന്റെ കൂടുതൽ കോപ്പികൾ ഓഫ്സെറ്റിൽ അച്ചടിക്കുവാൻ നടപടികൾ ആരംഭിക്കാനും തീരുമാനിച്ചു.
6. പുസ്തകങ്ങളുടെ ഡിസ്പ്ലെ ഒരുക്കാൻ തീരുമാനിച്ചു.

## Out of Agenda

**Item No:1**

2026-27 ലേക്കുള്ള പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ട വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ വിവിധ വകുപ്പുകൾ, പ്രാദേശിക കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്ന് അടിയന്തിരമായി ലഭ്യമാക്കാനും ഡിപ്പാർട്ട്മെന്റുകളുടേയും പ്രാദേശിക കേന്ദ്രങ്ങളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മറ്റിയുടെ യോഗം 07.08.2025 ന് ചേരാനും തീരുമാനിച്ചു.

**Item No:2**

P M – USHA പദ്ധതിയിൽ സർവകലാശാല സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ Standards/Norms/Criteria നിറവേറ്റപ്പെടാത്ത മേഖലകൾ കണ്ടെത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 3**

സർവകലാശാലയിലെ വിദ്യാർത്ഥികളെ ഹ്രസ്വകാല പരിശീലനത്തിലൂടെ വിവിധ വിഷയങ്ങൾക്ക് നൈപുണ്യമുളവാക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നോളജ് ഇക്കോണമി മിഷൻ സ്റ്റേറ്റ് ഓഫീസിൽ വച്ച് നടന്നു. നോളജ് ഇക്കോണമി മിഷനുമായി സഹകരിച്ച് നടത്താവുന്ന DWMS സേവനങ്ങൾ, സ്കോളർഷിപ്പ് കോഴ്സുകൾ, സർവകലാശാലയെ പൈതൃക ടൂറിസം കേന്ദ്രമായി ഉയർത്തുന്നതിനുതകുന്ന പദ്ധതികൾ എന്നിവ ചർച്ച ചെയ്യാനായി ആർ അജയൻ , അഡ്വ. കെ എസ് അരുൺകുമാർ എന്നിവർ റിപ്പോർട്ട് ചെയ്തു. തുടർ ചർച്ചകൾ നടത്തി പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു.

**Item No. 4**

അമിനിറ്റി സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് Cost ford ന്റെ ബേസിക് Agreement ന്റെ കൂടെ Force majeure clause include ചെയ്യാൻ തീരുമാനിച്ചു.

**Item No. 5**

പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ ബസ് സർവകലാശാലാ കേന്ദ്രത്തിലേക്ക് മാറ്റുന്നതിനായുള്ള നടപടികൾ കൈക്കൊള്ളാൻ ഡോ. ലിസ്സി മാത്യുവിനെ ചുമതലപ്പെടുത്തി.

**Item No.6**

ലൈബ്രറി & പബ്ലിക്കേഷൻ സ്ഥിരം സമിതിയുടെ കൺവീനർ ചുമതല ഡോ. മാത്യൂസ് ടി. തെള്ളിക്ക് നൽകാൻ തീരുമാനിച്ചു.

**Item No.7**

പ്ലാൻ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ലൈബ്രറി ബുക്ക് പർച്ചേസ് നടത്താൻ തീരുമാനിച്ചു.

**ഒപ്പ്**
**രജിസ്ട്രാർ**

**ഒപ്പ്**
**വൈസ് ചാൻസലർ**